<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 3427

12.12.2014 ലെ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിലെ ന്യൂനപക്ഷ പ്രൊമോട്ടർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മലപ്പുറം ജില്ലയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരായി എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലായി ആകെ 114 പ്രൊമോട്ടർമാരെ നിയമിച്ചിരുന്നു.. |
| (ബി) | ഇവരുടെ ജോലിയുടെ സ്വഭാവവും ഉത്തരവാദിത്വവും വിശദമാക്കുമോ; | (ബി) | 1. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.<br>2. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വകുപ്പിനെ സഹായിക്കുകയും ചെയ്യുക.<br>3. വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം ചെയ്യുക.<br>4. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളിൽ ആവശ്യമായ സഹകരണം നൽകുക.<br>5. ന്യൂനപക്ഷ വിഭാഗങ്ങളുടെ പരാതികൾ ന്യൂനപക്ഷ കമ്മീഷൻ മുഖേന പരിഹാരം കാണുന്നതിന് ആവശ്യമായ സഹായം നൽകുക.<br>6. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക.<br>7. ന്യൂനപക്ഷക്ഷേമ വകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും വിവിധ സ്ക്കോളർഷിപ്പുകൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിന് ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുക. |

8. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ന്യൂനപക്ഷക്കാരുമായി സംവദിക്കാനുള്ള കണ്ണികളായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായവും സേവനവും നൽകുന്നവരായി വർത്തിക്കുക.

9. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ സർട്ടി ഫിക്കറ്റുകൾ തയ്യാറാക്കുന്നതിനും അവ യഥാ സമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ചെയ്ത് കൊടുക്കുക.

(സി) പൊന്നാനി മണ്ഡലത്തിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിയമിച്ചവരുടെ പേരും വിലാസവും തദ്ദേശസ്ഥാപനവും വിശദമാക്കാമോ?

(സി)

| | |
|---|---|
| തവനൂർ | ജമാലുദ്ദീൻ.സി.പി., ചേങ്ങരത്ത് പറമ്പിൽ ഹൗസ്, തൃക്കണ്ണാപുരം. പി.ഒ.- വളാഞ്ചേരി-679573 |
| വട്ടംകുളം | സിറാജുദ്ദീൻ. പി.എം., പാത്തിൽ ഹൗസ്, വട്ടംകുളം.പി.ഒ., മലപ്പുറം- 679578 |
| എടപ്പാൾ | സീനത്ത് സലീം., പുളിമൂടൻ ഹൗസ്, (കല്ലംപുള്ളി കോട്ടേജ്), പെരുമ്പറപ്പ്. പി.ഒ., പെരുമ്പറപ്പ്. (എടപ്പാൾ) |
| കാലടി | മുഹമ്മദ് ഫാസിൽ.കെ.വി., കുടുക്കാത്ത് വളപ്പിൽ തണ്ടിലം, നരിപ്പറമ്പ്.പി.ഒ., മലപ്പുറം- 679573. |
| പൊന്നാനി മുനിസിപ്പാലിറ്റി | ഖമറുന്നിസ.ടി., തുറക്കൽ ഹൗസ്, നരിപ്പറമ്പ് പോസ്റ്റ്, തവനൂർവഴി, നരിപ്പറമ്പ്- 679573 |
| | സലാഹുദ്ദീൻ.സി.എ., വിലക്കതിൽ ഹൗസ്, മുതുവല്ലൂർ.പി.ഒ., കൊണ്ടോട്ടി. |
| | മൊയ്തീൻ.ടി.എസ്., ബദരിയ പറമ്പിൽ ഹൗസ്, കല്ലൂർമ പെരുമ്പൽ, നന്നമുക്ക്.പി.ഒ., മലപ്പുറം- 679575 |

സെക്ഷൻ ഓഫീസർ